**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2573** **17-03-2022 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പന്നാധിഷ്ഠിതമായ വ്യവസായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ ഒ . ആർ. കേളു<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ ജി സ്റ്റീഫൻ | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക മേഖലയ്ക്കും വ്യവസായ മേഖലയ്ക്കും ഒരേപോലെ പ്രയോജനപ്പെടുന്ന ഒരു ജില്ല ഒരുല്പന്നം വ്യവസായ പ്രോത്സാഹന പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; ഇതിന്റെ വിപുലീകൃത രീതിയിലുള്ള പദ്ധതിയെന്ന നിലയിൽ ഓരോ പഞ്ചായത്തിലും ഓരോ ഉല്പന്നം എന്ന തരത്തിൽ വ്യവസായ പ്രോത്സാഹനത്തിനുദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) വ്യവസായ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നു. അസംഘടിത മേഖലയിലുള്ള സൂക്ഷ്മ വ്യക്തിഗത സംരംഭങ്ങളുടെ മത്സരശേഷി മെച്ചപ്പെടുത്തുന്നതിനും ആ മേഖലയുടെ ഔപചാരിക വൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, കാർഷിക ഉത്പ്പാദകസംഘടനകൾ (FPOs), സ്വയം സഹായ സംഘങ്ങൾ (SHGs), ഉത്പ്പാദക സഹകരണ സംഘങ്ങൾ എന്നിവയെ അവയുടെ മൂല്യ ശൃംഖലകളിൽ ആകമാനം പിന്തുണക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഓരോ ഉല്പന്നം എന്ന ആശയം One Local Body One Product" വ്യവസായ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ച ചെയ്തു വരുന്നുണ്ട്. |
| (ബി) | പാലക്കാട് സംയോജിത റൈസ് ടെക്നോളജി പാർക്ക് രൂപീകരിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി വെളിപ്പെടുത്താമോ; | (ബി) | പാലക്കാട് ജില്ലയിൽ കിൻഫ്ര മെഗാ ഫുഡ് പാർക്കിനുള്ളിൽ 5 ഏക്കർ സ്ഥലത്ത് 42.3 കോടി രൂപ ചിലവിലാണ് സംയോജിത റൈസ് ടെക്നോളജി പാർക്ക് ആരംഭിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ സിവിൽ പ്രവൃത്തികൾക്കായി ഇ-ടെണ്ടർ നടപടികളിലൂടെ കരാറുകാരെ നിശ്ചയിച്ചു. പ്രസ്തുത പദ്ധതി 2023 മാർച്ച് മാസത്തോടു കൂടി പൂർത്തീകരിക്കുന്ന വിധത്തിലാണ് വിഭാവന ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | റബർ കർഷകർക്കായി റബ്ബറധിഷ്ഠിത വ്യവസായങ്ങളുടെ ഹബ്ബ് സ്ഥാപിക്കാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (സി) | മൂല്യ വർദ്ധിത റബ്ബർ ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ, സിയാൽ മാതൃകയിൽ, ഒരു കമ്പനി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.ബഹു.വ്യവസായ മന്ത്രി 21/12/2021-ൽ HNL, Velloor-ലെ KRL ന്റെ ഓഫീസ് ഉത്ഘാടനം ചെയ്തു. ഏകദേശം 160 ഏക്കറിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളായ സ്ഥലം, വഴി, വെളിച്ചം, വെള്ളം മുതലായവയും റബ്ബർ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുവാൻ വേണ്ട പൊതുവായ സൗകര്യങ്ങളും നൽകുകയാണ് കമ്പനിയുടെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ